KANNUR
DIOCESAN GAZETTE
കണ്ണൂർ രൂപതാ ഗസറ്റ്

Vol. XVII | 2017 December 11 | No: 7

## ഉണ്ണിയേശുവിന് ഒരു പിറന്നാൾ സമ്മാനം

മിശിഹായിൽ പ്രിയ വൈദികരേ, സന്യസ്തരേ, സഹോദരിസഹോദരന്മാരേ, കുഞ്ഞുമക്കളേ,

കേരളത്തിന്റെ തെക്കൻ തീരങ്ങളിൽ ദുരന്തം വിതച്ച ഓഖി ചുഴലിക്കാറ്റ് കടന്ന് പോയത് പ്രത്യേകിച്ച് തിരുവനന്തപുരം അതിരൂപതയുടെ ഇടവകകളിൽ തീരാദു:ഖം അവശേഷിപ്പിച്ചിട്ടാണ്. നൂറുകണക്കിന് ജീവൻ അവിടെ പൊലിഞ്ഞു. പ്രിയപ്പെട്ടവരുടെ പലരുടേയും മൃതദേഹങ്ങൾ പോലും ഒന്ന് കാണാൻ കിട്ടാതെ പറഞ്ഞറിയിക്കാൻ പറ്റാത്ത ദു:ഖത്തിന്റെ കയങ്ങളിലേക്ക് വീണ നമ്മുടെ സഹോദരങ്ങളെ, ഈ സഹനത്തിൽ നിന്ന് കുറച്ചെങ്കിലും മോചിതരാകാൻ എന്തെങ്കിലുമൊക്കെ ചെയ്യാൻ, ഈ പിറവി തിരുനാൾ നമുക്ക് ഉപയോഗിക്കാം. ആഗമനകാലത്തിന്റെ കൃപയുടെ നാളുകളിലൂടെ, പ്രാർത്ഥനയിലും, പരിത്യാഗത്തിലും, സൽപ്രവർത്തികളിലും വ്യാപൃതരാകുന്ന നാം, 'കർത്താവെ കടന്നുവരണേമെ' എന്ന ചെറിയ പുസ്തകത്തിലെ ദൈനംദിന ധ്യാനത്തിലൂടെയും ഈശോയെ സ്വീകരിക്കുവാൻ ഒരുങ്ങുകയാണല്ലോ. പ്രിയപ്പെട്ടവരുടെ വിയോഗത്തിലൂടെ, ജീവനോപാധിയില്ലാതായ എല്ലാവരുടെയും കണ്ണീരൊപ്പാൻ, ഇല്ലായ്മയിൽ പിറന്നുവീണ ഉണ്ണിയേശുവിനെ സ്വീകരിക്കുമ്പോൾ നമുക്ക് കൈകൾ കോർക്കാം. ക്രിസ്തുമസ് രാത്രിയിലെ ദിവ്യപൂജയ്ക്കോ, പകൽ ദിവ്യപൂജയ്ക്കോ നാം വരുമ്പോൾ ഓഖി ദുരന്തത്തിൽ വേദനിക്കുന്ന നമ്മുടെ സഹോദരങ്ങളെ സഹായിക്കാൻ നമുക്ക് നല്ലൊരു സംഭാവന തിരുവനന്തപുരം അതിരൂപതയുടെ ദുരിതാശ്വാസനിധിയിലേക്ക് നല്കാം. ആവശ്യമെങ്കിൽ ക്രിസ്തുമസ് ആഘോഷങ്ങൾ വെട്ടിച്ചുരുക്കിപോലും നമുക്ക് ഉണ്ണിയേശുവിന് ഒരു പിറന്നാൾ സമ്മാനം കൊടുക്കാം. നിങ്ങൾ ഒത്തിരി ത്യാഗത്തോടെ, പ്രാർത്ഥനയോടെ, ഔദാര്യത്തോടെ നല്കുന്ന ഈ തുക ഡിസംബർ 31-ന് മുമ്പായി നമ്മുടെ വികാരിയച്ചന്മാർ, രൂപത പ്രൊക്യുറേറ്റർക്ക് എത്തിച്ചുകൊടുക്കുന്നതും, കണ്ണൂർ രൂപതയുടെ തിരുപ്പിറവി സമ്മാനമായി നാം അത് ഉടനെ, തിരുവനന്തപുരം അതിരൂപതയ്ക്ക് അയച്ചുകൊടുക്കുന്നതുമാണ്.

നിങ്ങൾക്കേവർക്കും, ഒത്തിരി അനുഗ്രഹപ്രദമായ ഒരു ക്രിസ്തുമസ് നേർന്നുകൊണ്ട്, നിങ്ങളെ ഞാൻ പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നേഹപൂർവ്വം ആശീർവദിക്കുന്നു.

കണ്ണൂർ ബിഷപ്സ് ഹൗസിൽനിന്ന്,

യേശുവിൽ,

കണ്ണൂർ
ഡിസംബർ 11, 2017

✠ അലക്സ് വടക്കുംതല
കണ്ണൂർ രൂപതാ മെത്രാൻ

**NB:** ഓഖി ചുഴലിക്കാറ്റുമായി ബന്ധപ്പെട്ട പ്രാർത്ഥനാദിനത്തിന്റെ ഭാഗമായി ഇങ്ങനെ ഒരു പിരിവ് (സാമാന്യം തൃപ്തികരമായത്) എടുത്തെങ്കിൽ ഇത് ഒഴിവാക്കാവുന്നതാണ്. ഈ സർക്കുലർ ഡിസംബർ 17 -ന് ഇടവകകളിലെ ദിവ്യബലിമധ്യേ വായിക്കേണ്ടതാണ്.